# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 21**

---

### ബിരുദ ഏകജാലക പ്രവേശനം; സപ്ലിമെൻററി അലോട്ട്മെൻറിന് ഇന്നു മുതൽ രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിൻറെ സപ്ലിമെൻററി അലോട്ട്മെൻറിന് ഇന്നു(ജൂലൈ 22) മുതൽ 25ന് വൈകുന്നേരം നാലു വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനം നേടാൻ സാധിക്കാത്തവർക്കും ഈ അവസരം പ്രയോജപ്പെടുത്താം.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ പിശകു മൂലം അലോട്ട്മെൻറിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെൻറിൽ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസ് അടയ്ക്കാതെതന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതിയതായി നൽകാം.

സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്ത ശേഷം മുൻപ് നൽകിയ അപേക്ഷയിലെ പിശകുകൾ തിരുത്തുകയും പുതിയ ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

സ്ഥിര പ്രവേശം എടുത്തവർ സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം എടുക്കണം. ഇവരുടെ മുൻ പ്രവേശനം റദ്ദാക്കപ്പെടും. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/851/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നിയമ വകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ രണ്ടു വർഷ എൽ.എൽ.എം കോഴ്സിന് എസ്.സി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

യോഗ്യരായവർ സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം ജൂലൈ 24ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ:0481 2310165

..............................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്ട്(എം.പി.ഇ.എസ്-2023 അഡ്മിഷൻ) കോഴ്സിൽ എസ്.സി ക്വോട്ടയിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ജൂലൈ 25ന് രാവിലെ 7.30ന് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പ് ഓഫീസിൽ എത്തണം. അഡ്മിഷൻറെ ഭാഗമായുള്ള എഴുത്ത് പരീക്ഷയുടെ കായിക ക്ഷമതാ പരീക്ഷയും അന്നു തന്നെ നടക്കും. ഫോൺ: 0481 - 2732368

................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ് (എം.ടി.ടി.എം) പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 24ന് രാവിലെ 9.30ന് വകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/852/2023)

## മാറ്റിവച്ച പരീക്ഷകൾ 24 മുതൽ

എം.ജി സർവകലാശാല ജൂലൈ 18ൽനിന്ന് മാറ്റിവച്ച പരീക്ഷകൾ ജൂലൈ 24 മുതൽ ഓഗസ്റ്റ് ഒൻപതു വരെ വിവിധ ദിവസങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/853/2023)

## ടൈം ടേബിൾ

രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ സോഷ്യോളജി(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഓഗസ്റ്റ് ഏഴിന് നടത്താൻ വിജ്ഞാപനം ചെയ്ത ഇക്കണോമിക്സ്-ബേസിക് ഇക്കണോമിക് സ്റ്റഡീസ് എന്ന പേപ്പറിൻറെ പരീക്ഷ ഓഗസ്റ്റ് ഒൻപതിലേക്ക് മാറ്റി.

(പി.ആർ.ഒ/39/854/2023)

## <u>പരീക്ഷാ ഫലം</u>

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.കോം(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

............................

കഴിഞ്ഞ മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ആക്ചൂരിയൽ സയൻസ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് നാലു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/855/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**